**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **08-08-2023 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിലെ പുതുക്കിയ വസ്തുനികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഏറ്റവും അവസാനം വസ്തുനികുതി പുതുക്കി നിശ്ചയിച്ചത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | 06.03.2019 ലെ സ.ഉ(സാധാ) നം. 540/2019 തസ്വഭവ പ്രകാരം 01.04.2016 കണക്കാക്കി നികുതി പരിഷ്കരിച്ചിട്ടുണ്ട്. ആയതിനു ശേഷം 2023 ഏപ്രിൽ 1 മുതൽ ടി നികുതിയിന്മേൽ 5 ശതമാനം വർദ്ധനവ് വരുത്തി 22.03.2023-ലെ സ. ഉ (കൈ) നം. 77/2023/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തീയതിയിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കാത്ത നഗരസഭകളിൽ 01.04.2016 മുതൽ വസ്തു നികുതി പരിഷ്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ആയത് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകാൻ നഗരസഭകൾക്ക് അധികാരമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 233 പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്താവുന്നതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ഡിമാന്റ് നോട്ടീസ് നൽകാൻ നഗരസഭകൾക്ക് അധികാരമുണ്ട്. |
| (സി) | വർഷങ്ങളായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്ത കേസുകളിൽ എത്ര വർഷത്തെ പരിഷ്കരിച്ച നികുതി കുടിശ്ശികയാണ് നഗരസഭകൾക്ക് ഈടാക്കാൻ അനുവാദമുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം, വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12-ാം ചട്ട പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും, 13-ാം ചട്ട പ്രകാരം വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിന് സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും കെട്ടിടം സംബന്ധിച്ച് 5 വർഷത്തിനുള്ളിൽ ഓരോ വർഷവും ഒടുക്കേണ്ട വാർഷിക വസ്തുനികുതി തുകയും അതിന്റെ അർദ്ധവാർഷിക ഗഡുക്കളും കെട്ടിടത്തിന്റെ വിവരണങ്ങളും ഓരോ വർഷത്തേയും വാർഷിക വസ്തുനികുതിയുടെ ഗഡുക്കൾ പിഴ കൂടാതെ അടക്കേണ്ട ഒടുവിലത്തെ തീയതി നികുതിയടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന ബാദ്ധ്യത എന്നിവ |

| | | | |
|---|---|---|---|
| | | | കാണിച്ച കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകണം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ